**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2193** **30-09-2025 - ൽ മറുപടിയ്ക്ക്**

**തീരദേശ മണ്ഡലമായ വൈപ്പിൻ കരയിൽ ആസ്തി വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആസ്തി വികസന പദ്ധതിയിലും മറ്റ് പദ്ധതികളിലും തുക വകയിരുത്തിയിട്ടും 10 വർഷത്തിലധികമായി ടെണ്ടർ എടുക്കുവാൻ കരാറുകാർ തയ്യാറാകാത്തതിനാൽ വെള്ളക്കെട്ടു കാരണം റോഡുകളെല്ലാം ഗതാഗത യോഗ്യമല്ലാതായതിനെത്തുടർന്ന് തീരദേശ മണ്ഡലം കൂടിയായ വൈപ്പിൻ മണ്ഡലത്തിന് അനുയോജ്യമായ കോസ്റ്റ് ഇൻഡക്സ് അനുവദിച്ച് കിട്ടുന്നതിനായി 20.04.2024 ന് സ്ഥലം എം.എൽ.എ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതിയിൽ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (എ) | ബഹു. എം.എൽ.എ നൽകിയ നിവേദനം ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ധനകാര്യ വകുപ്പ് എന്നീ വകുപ്പുകൾ പരിശോധിച്ചിരുന്നു. തുടർന്ന് ധനകാര്യ വകുപ്പിന്റെ നിർദ്ദേശമനുസരിച്ച് ഉചിതമായ കോസ്റ്റ് ഇൻഡക്സ് തയ്യാറാക്കി സമർപ്പിക്കുവാൻ നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും വിവരം ബഹു. എം.എൽ.എ -യെ അറിയിക്കുകയും ചെയ്തിരുന്നു. പ്രത്യേക കോസ്റ്റ് ഇൻഡക്സ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിച്ച് വരികയാണ്. |
| (ബി) | കാലവസ്ഥാ വ്യതിയാനത്തെ തുടർന്നുള്ള ഓരുവെള്ള - കടലാക്രമണ ഭീഷണികളാൽ മണ്ഡലത്തിലെ റോഡുകളെല്ലെം തകർന്നു കിടക്കുന്നതിനാൽ തുക വകയിരുത്തിയിട്ടുള്ള റോഡ് പ്രവൃത്തികളെങ്കിലും പ്രാവർത്തികമാക്കുന്നതിനായി കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെയുള്ള റോഡ് പ്രവൃത്തി സംബന്ധിച്ച വിഷയങ്ങളിൽ ധനകാര്യ വകുപ്പിലും പൊതുമരാമത്ത് വകുപ്പിലും കളക്ടേറ്റിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമുള്ള ഫയലുകളിൽ ദ്രുതഗതിയിലുള്ള തീരുമാനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | ബഹു. എം.എൽ.എ നൽകിയ നിവേദനം ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ധനകാര്യ വകുപ്പ് എന്നീ വകുപ്പുകൾ പരിശോധിച്ചിരുന്നു. തുടർന്ന് ധനകാര്യ വകുപ്പിന്റെ നിർദ്ദേശമനുസരിച്ച് ഉചിതമായ കോസ്റ്റ് ഇൻഡക്സ് തയ്യാറാക്കി സമർപ്പിക്കുവാൻ നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും വിവരം ബഹു. എം.എൽ.എ -യെ അറിയിക്കുകയും ചെയ്തിരുന്നു. പ്രത്യേക കോസ്റ്റ് ഇൻഡക്സ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ